റ്റൽ നടത്തുക, വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, വനനിയമം ലംഘിക്കുന്ന കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ സ്ഥാപിക്കുക, അഗ്നിപ്രതിരോധം കാര്യക്ഷമമാക്കുന്നതിനായി അഗ്നിശമന ഉപകരണങ്ങൾ വാങ്ങി നൽകുക, വനപാലകർക്ക് വനശാസ്ത്രസംബന്ധമായ വിഷയങ്ങളിൽ വേണ്ടത്ര പരിശീലനം നൽകുക, വനാതിർത്തികളിൽ സ്ഥിരം ജണ്ടകൾ നിർമ്മിക്കുക, വനാതിർത്തികൾ കാലാകാലങ്ങളിൽ തെളിച്ച് വനം കയ്യേറ്റം തടയുക എന്നീ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) ആധുനിക സാങ്കേതിക ഭരണ നിർവഹണ സംവിധാനങ്ങൾ വിനിയോഗിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. സ്ഥായിയായ പരിസ്ഥിതി സംരക്ഷണം, ജൈവവൈദിധ്യ പരിപാലനം, പദ്ധതി പ്രദേശത്തെ വനത്തിൽ നിന്നും തോട്ടങ്ങളിൽ നിന്നുമുള്ള വനവിഭവങ്ങളുടെ ഉൽപ്പാദനക്ഷമത സ്ഥായിയായി വർദ്ധിപ്പിക്കൽ വനത്തിനുള്ളിലും വനാതിർത്തി പ്രദേശങ്ങളിലും താമസിക്കുന്ന ആദിവാസികളുടേയും പാവപ്പെട്ടവരുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തൽ എന്നിവയാണ് 'കേരളാ ഫോറസ്ട്രി പ്രോജക്ട്' എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശങ്ങൾ. സമഗ്രമായ വികസനവും വനസംരക്ഷണവും ഉദ്ദേശിച്ചുകൊണ്ട് ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി 1998 -99 മുതൽ നാല് വർഷംകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കേരള ഫോറസ്ട്രി പ്രോജക്ട്.

(ഡി) ഉണ്ട്.

(ഇ) വനാതിർത്തി പ്രദേശങ്ങളിലുള്ള പ്രക്ഷീണവനങ്ങളുടെ ഉദ്ധാരണം, അവയുടെ സംരക്ഷണം, തടിയേതര വനവിഭവങ്ങളുടെ ശേഖരണം എന്നിവയാണ് മുഖ്യമായും ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ആദിവാസികൾ, അതിർത്തി പ്രദേശങ്ങളിലെ താമസക്കാർ, തദ്ദേശ ജനപ്രതിനിധികൾ, വനസംരക്ഷണ ഉദ്യോഗസ്ഥന്മാർ എന്നിവർ ഉൾപ്പെട്ട വനസംരക്ഷണസമിതി രൂപീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) തരിശുവനഭൂമി വനവൽക്കരണത്തിനായി പ്രയോജനപ്പെടുത്താൻ നിലവിലുള്ള നിയമം പര്യാപ്തമാണ്.

കർഷകരക്ഷാ പദ്ധതി

16 (*76) ശ്രീ. എം. മുരളി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫ. സാവിത്രിലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയ ഒരുലക്ഷം പേർക്കുള്ള കർഷകരക്ഷാ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം എന്തു തുക സമാഹരിച്ചു;

(സി) പദ്ധതിയിൽചേർന്ന് പണമടച്ചവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ; എത്രപേർക്ക് ഇതുവരെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) മുൻ പദ്ധതിയിൽ അംഗങ്ങളായിരുന്നവരെ കൂടി പുതിയ പദ്ധതിയിൻകീഴിൽ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുവേണ്ട അറിയിപ്പ് ബന്ധപ്പെട്ടവർക്കെല്ലാം നൽകിയിട്ടുണ്ടോ;

(ജി) പുതിയ പദ്ധതിപ്രകാരം എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്;

(എച്ച്) മുൻ പദ്ധതിയിൽ അംഗമായി ചേരുകയും ആനുകൂല്യം ഒന്നും ലഭിക്കാതിരിക്കുകയും ചെയ്തവരുടെ പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ഐ) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഒരുലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം 10,40,24,739 രൂപ സമാഹരിച്ചു.

(സി) പദ്ധതിയിൽ ചേർന്നശേഷം മരണമടയുന്ന അംഗങ്ങളുടെ നോമിനിക്ക് 25,000/- രൂപ മുതൽ ഒരു ലക്ഷം രൂപവരെ സഹായധനമായി നൽകി വരുന്നു. 230 പേർക്ക് നാളിതുവരെയായി 25,000/- രൂപ വീതം ആനുകൂല്യമായി നൽകിയിട്ടുണ്ട്. പദ്ധതിയിൽ ചേർന്നിട്ട് അവശത അനുഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 200 രൂപ മുതൽ 750 രൂപ വരെ പ്രതിമാസ പെൻഷൻ നൽകാനുള്ള നടപടികൾ തുടർന്നു വരുന്നു.

(ഡി) കർഷകരക്ഷ പദ്ധതി എന്ന പേരിൽ ഒരു ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) കർഷകരക്ഷാ പദ്ധതി 2.10.99-ലാണ് പ്രാബല്യത്തിൽ വന്നത്. ഒരംഗത്തിന്റെ വാർഷിക പ്രീമിയമായ 10 രൂപ നിരക്കിൽ രണ്ട് വർഷത്തേയ്ക്കുള്ള തുകയായ രണ്ട് കോടി രൂപ പത്ത് ലക്ഷം കർഷകർക്ക് സർക്കാർ ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിക്ക് കൈമാറിയിട്ടുണ്ട്. ഇതിലെ അംഗങ്ങളുടെ എല്ലാവിധ അപകടമരണങ്ങൾക്കും അംഗവൈകല്യത്തിനും മരണമടയുന്ന അംഗത്തിന്റെ കുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം തുടങ്ങിയവയ്ക്കും ധനസഹായം നൽകുന്നതാണ്.

(എഫ്) കർഷകരക്ഷാ പദ്ധതിയിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുൻപദ്ധതിയിലെ അംഗങ്ങൾക്കും ചേരാവുന്നതാണ്.

(ജി) കർഷകരക്ഷാ പദ്ധതി പ്രകാരം 13.12.00 വരെ അപകടത്തിൽ മരിച്ച 74 കർഷകരുടെ നോമിനികൾക്ക് 79,48,674 രൂപയും അംഗവൈകല്യം സംഭവിച്ച 111 കർഷകർക്ക് 8,43,618 രൂപയും ധനസഹായം നൽകി. കൂടാതെ 66,30,000 രൂപയുടെ ധനസഹായത്തിനർഹതയുള്ള ക്ലെയിമുകൾ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

(എച്ച്) യഥാക്രമം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ഐ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly